2008
മാർച്ച് 24
തിങ്കൾ

The First International Indian Newspaper
ഗൾഫ് മാധ്യമം

GULF MADHYAMAM GMYM 171 MONDAY MARCH 24 , 2008 RABEE'UL AWWAL 16, 1429. PAGE 16, ISSUE 3281



*എൽ.എം.ആർ.എ ആസ്ഥാനം സന്ദർശിച്ച ബഹ്റൈൻ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് പ്രതിനിധി സംഘം ചീഫ് എക്സിക്യൂട്ടീവ് അലി റാദിയോടൊപ്പം*

# ബി.ടി.ഐയും എൽ.എം.ആർ.എയും ധാരണാപത്രം ഒപ്പുവെക്കും

മനാമ: ബഹ്റൈൻ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടും ലേബർ മാർക്കറ്റ് റഗുലേറ്ററി അതോറിറ്റിയും സഹകരിച്ചു പ്രവർത്തിക്കുന്നതു സംബന്ധിച്ച് ധാരണാപത്രം ഒപ്പുവെക്കാൻ തീരുമാനിച്ചു.

ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഹാമിദ് സാലിഹിന്റെ നേതൃത്വത്തിൽ സനാബിസിലെ എൽ.എം.ആർ.എ ആസ്ഥാനം സന്ദർശിച്ച സംഘവും ലേബർ അതോറിറ്റി ചീഫ് എക്സിക്യൂട്ടീവ് അലി റാദിയും തമ്മിൽ നടന്ന സംഭാഷണത്തിലാണ് ഈ തീരുമാനം.

ഇതനുസരിച്ച് പരസ്പരം വിവരങ്ങൾ കൈമാറുകയും സന്ദർശനങ്ങൾ നടത്തുകയും ഇൻസ്റ്റിറ്റ്യൂട്ടിന്റെ പൊതുവായ ലക്ഷ്യത്തിനായും തൊഴിൽ വിപണി പരിഷ്കരണത്തിന്റെ ഭാഗമായ സ്വദേശിവൽകരണത്തിനായും ഇരുപക്ഷവും നേരിട്ട് സഹകരിക്കും. ഇൻസ്റ്റിറ്റ്യൂട്ടിലെ വിദ്യാർഥികൾക്ക് ലേബർ അതോറിറ്റിയിൽ നേരിട്ട് ബന്ധപ്പെട്ട് കാര്യങ്ങൾ മനസ്സിലാക്കുന്നതിന് അവസരവും ലഭ്യമാക്കും.

തൊഴിൽ വിപണി പരിഷ്കരണത്തിന്റെ വിവിധഘട്ടങ്ങളിലായി നടക്കുന്ന പ്രവർത്തനങ്ങൾ അലി റാദി സംഘത്തിന് വിശദീകരിച്ചു കൊടുത്തു. ഇലക്ട്രോണിക് സംവിധാനങ്ങളും പ്രവർത്തനങ്ങളും നടപടിക്രമങ്ങളും വ്യക്തമാക്കുന്ന ഡോക്യുമെന്ററി പ്രദർശനം നടത്തി.

തൊഴിൽ വിപണി പരിഷ്കരണത്തിന്റെ വിവിധ വശങ്ങളെകുറിച്ചും മാനവവിഭവശേഷി വികസനത്തെകുറിച്ചും അദ്ദേഹം വ്യക്തമാക്കിക്കൊടുത്തു.